# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4291** — 24/10/2016 -ൽ മറുപടിക്ക്

## പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളുടെ പുനർനാമകരണം

| ചോദ്യം | | | മറുപടി |
|---|---|---|---|
| **ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ.അടൂർ പ്രകാശ്**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.ഷാഫി പറമ്പിൽ** | | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |
| എ) | പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി പുനർനാമകരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | എ) യും ബി) യും സി) യും ഡി) യും | ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ, ആരോഗ്യ സംരക്ഷണത്തിനും രോഗപ്രതിരോധത്തിനും ഊന്നൽ നൽകുന്നതിനായി പ്രാഥമിക ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പ്രാരംഭ നടപടികൾ ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാർക്ക് മെച്ചപ്പെട്ട ക്ലിനിക്കൽ സേവനങ്ങൾ ലഭ്യമാക്കാൻ പരിശീലനം നൽകേണ്ട മേഖലകൾ തിട്ടപ്പെടുത്തുന്ന പ്രക്രിയ എസ്.എച്ച്.എസ്.ആർ.സി വഴി നടന്നുവരികയാണ്. ആരോഗ്യ വകുപ്പ് നടപ്പിലാക്കാനുദ്ദേശിക്കുന്ന ആർദ്രം മിഷൻ പദ്ധതികളുടെ ഭാഗമായി ഇതുമായി ബന്ധപ്പെട്ട് കൂടുതൽ കാര്യങ്ങൾ നടപ്പിലാക്കാൻ ആലോചിക്കുന്നതാണ്. |
| ബി) | ഇതിലൂടെ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | | |
| സി) | എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ഇതുവഴി പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കാമോ; | | |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ